"ഭരണഭാഷ –മാതൃഭാഷ"

നമ്പർ :WCD/D3/27895/19

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി : 28..9..2020

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം : വനിത ശിശുവികസന ഡയറക്ടറേറ്റ് – ഔദ്യോഗിക ഭാഷാ പുരോഗതി റിപ്പോർട്ട് അയക്കുന്നത് - സംബന്ധിച്ച്.

സൂചന : ഉദ്യോഗസ്ഥ – ഭരണപരിഷ്കാര വകുപ്പിന്റെ 18/9/20 ലെ നം. ഔ.ഭാ.2/103/2019/ഉ.ഭ.പ.വ കത്ത്.

സൂചന കാണുക. സൂചന പ്രകാരം സർക്കാരിലേയ്ക്ക് അടിയന്തിരമായി സെപ്റ്റംബർ 2019 മുതൽ സെപ്റ്റംബർ 2020 വരെയുള്ള ഭാഷാ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർ അതാത് ജില്ലയിലെ എല്ലാ കീഴ് കാര്യാലയങ്ങളിൽ നിന്നും (ICDS, Programme Office, Women Protection Office) പ്രസ്തുത റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ ക്രോഡീകരിച്ച് 29/9/20 -ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പേ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. (wcddsection@gmail.com)

ഉള്ളടക്കം : പ്രൊഫോർമ
സർക്കാർ കത്ത്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

# വനിത ശിശുവികസന വകുപ്പ്

## മലയാള ഭാഷാ പുരോഗതി റിപ്പോർട്ട്

(2019 സെപ്റ്റംബർ മുതൽ 2020 സെപ്റ്റംബർ വരെ)

ഓഫീസ് :

| മാസം | കൈകാര്യം ചെയ്ത മൊത്തം ഫയലുകളുടെ എണ്ണം | മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | ഇംഗ്ലീഷിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | ന്യൂനപക്ഷ ഭാഷകളിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ % (ശതമാനം) |
|---|---|---|---|---|---|
| | | | | | |

NA-20

R 28/9/2020

ഭരണഭാഷ മാതൃഭാഷ

**കേരള സർക്കാർ**

**വളരെ അടിയന്തരം/ഫാക്സ് സന്ദേശം**

1/7

## ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്

നം.ഔ.ഭാ.2/103/2019/ഉ.ഭ.പ.വ

തിരുവനന്തപുരം
തീയതി. 18/09/2020

കൺവീനർ,
ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി
& അഡീഷണൽ സെക്രട്ടറി .

ജില്ലാകളക്ടർമാർ/വകുപ്പുമേധാവികൾ/
പൊതുമേഖലാസ്ഥാപനങ്ങളുടെയും സ്വയംഭരണസ്ഥാപനങ്ങളുടെയും മേധാവികൾ

സർ,

വിഷയം:– ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്– ഔദ്യോഗികഭാഷാ ഉന്നതതലസമിതി യോഗത്തിന്റെ നടപടിക്കുറിപ്പിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന :– 1)07.09.2019–ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗിക ഭാഷ സംബന്ധിച്ച ഉന്നതതലസമിതിയോഗതീരുമാനം.
2)20.11.2019 ലെ കത്തും 18.06.2020 ലെ ഓർമ്മക്കുറിപ്പും

ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി **07.09.2019–** ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാനത്തിൽ കൈക്കൊണ്ട നടപടിറിപ്പോർട്ട്, സൂചന പ്രകാരമുള്ള കത്തും ഓർമ്മക്കുറിപ്പും അയച്ചിട്ടും ഇനിയും സർക്കാരിന് ലഭ്യമായിട്ടില്ല. ഉന്നതതല സമിതിയുടെ അടുത്ത യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതിനാൽ 07/09/2019 ൽ ചേർന്ന യോഗതീരുമാനത്തിന്റെ **നടപടി റിപ്പോർട്ടും 2019 സെപ്റ്റംബർ മുതലുള്ള ഭാഷാമാറ്റപുരോഗതി റിപ്പോർട്ട്** സഹിതം അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു

വിശ്വസ്തതയോടെ,
**അബ്ദുൾ മജീദ് എ**
**അഡീഷണൽ സെക്രട്ടറി**
**(കൺവീനർ, ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി)**

അംഗീകാരത്തോടെ,
Ajith M
സെക്ഷൻ ഓഫീസർ

WCD/D3/27896/19

All Section Supdts

2019 September മുതലുള്ള ഭാഷാപുരോഗതി Report അടിയന്തിരമായി D3 Section ൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു

എല്ലാ Section സൂപ്രണ്ടുമാർക്കും

Sd/-
Sr. Supdt. Dsub